## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*232.** **12.02.2019 ൽ മറുപടിയ്ക്ക്**

## വിദ്യാർത്ഥികൾക്കിടയിൽ മയക്കമരുന്ന് റാക്കറ്റുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.അബ്ദുൽ ഹമീദ്.പി<br>ഡോ.എം.കെ.മുനീർ<br>പ്രൊ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.സി.മമ്മൂട്ടി** | | **ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പമന്ത്രി)** | |
| (എ) | സ്കൂൾ, കോളേജ് വിദ്യാർത്ഥികളിൽ മയക്കമരുന്ന് ഉപയോഗം വ്യാപകമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മയക്കമരുന്ന് ഉപയോഗം വ്യാപകമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | മയക്കമരുന്ന് കലർത്തിയ ഉൽപ്പന്നങ്ങൾ ആകർഷകമായ വിവിധ വർണ്ണങ്ങളിലും നാമത്തിലും പായ്ക്ക് ചെയ്തും ശീതളപാനീയങ്ങളിൽ കലർത്തിയും വിദ്യാർത്ഥികൾക്കിടയിൽ വ്യാപകമായി വിറ്റഴിക്കുന്ന റാക്കറ്റുകൾ സജീവമാണെന്ന് അറിവുണ്ടോ; | (ബി) | ഇത്തരത്തിലുള്ള റാക്കറ്റുകൾ സംബന്ധിച്ച വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിദ്യാർത്ഥികൾക്കിടയിൽ ലഹരിപദാർത്ഥങ്ങളുടെ വിതരണം ,ഉപഭോഗം എന്നിവ തടയുന്നതിന് എക്സൈസ് വകുപ്പ് അതീവ ജാഗ്രത പുലർത്തുന്നുണ്ട്. |
| (സി) | എങ്കിൽ ഇത്തരത്തിലുള്ള മയക്കമരുന്ന് വ്യാപനം തടയുന്നതിന് എക്സൈസ് വകുപ്പ് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദവിവരം നല്കുമോ; | (സി) | മയക്ക മരുന്നു വ്യാപനം തടയുന്നതിന്റെ ഭാഗമായി ഹൈസ്കൂൾ/ഹയർസെക്കൻററി തലത്തിലുള്ള എല്ലാ സ്കൂളുകളിലും, കോളേജുകളിലും ലഹരി വിരുദ്ധ ബോധവത്കരണ ക്ലബ്ബുകൾ ആരംഭിച്ച് നിരവധി ബോധവത്കരണ പ്രവർത്തനങ്ങൾ നിരന്തരം നടത്തി വരുന്നുണ്ട്. മയക്ക്മരുന്നുകൾക്കും മറ്റ് ലഹരി വസ്തുക്കൾക്കുമെതിരെ ശക്തമായ പ്രതിരോധം തീർക്കുന്നതിലേക്കായി എല്ലാ എക്സൈസ് ഉദ്യോഗസ്ഥർക്കും ഒന്നോ അതിലധികമോ വിദ്യാലയങ്ങളുടെ ചുമതല വിഭജിച്ച് നൽകി. ആ വിദ്യാലയങ്ങളിൽ ലഹരിവിരുദ്ധ |

| | | | |
|---|---|---|---|
| | | | ക്ലബ്ബുകളുടെ കൺവീനർമാർ, പ്രധാന പ്രവർത്തകർ, സ്കൂൾ അധികൃതർ എന്നിവരുമായി നിരന്തരം ബന്ധപ്പെട്ട് ലഹരി വസ്തുക്കളുടെ ഉപയോഗം വിതരണം തുടങ്ങി അനാരോഗ്യകരമായ എന്തെങ്കിലും പ്രവണത നിലനിൽക്കുന്നുണ്ടോ എന്ന് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ഡി) | ഇല്ലെങ്കിൽ അതിനാവശ്യമായ മുൻകരുതലുകൾ സമയബന്ധിതമായി നടപ്പാക്കുമോ? | (ഡി) | ഈ വിഷയത്തിന്റെ പ്രാധാന്യം മനസ്സിലാക്കി മുൻകൂട്ടിത്തന്നെ എക്സൈസ് വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ